പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 4134 18/10/2011 ൽ മറുപടിയ്ക്ക്

# പട്ടികസമുദായ വിദ്യാർത്ഥികൾക്കുള്ള ആനുകൂല്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.സി. ജോർജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പട്ടിക വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർഷാരംഭത്തിൽ തന്നെ നൽകുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നത് എന്ന് വ്യക്തമാക്കാമോ; | (എ) | പ്രീമെട്രിക് തലത്തിലുള്ള പട്ടികസമുദായത്തിൽപെടുന്ന വിദ്യാർത്ഥികൾക്ക് ഉള്ള ആനുകൂല്യങ്ങൾ രണ്ടു ഗഡുക്കളായി തിരിച്ച് ആദ്യഗഡു ജൂൺ മാസത്തിൽ മുൻകൂറായും രണ്ടാം ഗഡു ഡിസംബറിനു മുമ്പായും വിതരണം ചെയ്തുവരുന്നു. പോസ്റ്റ് മെട്രിക് തലത്തിൽ ഉള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ഓൺ ലൈൻ സംവിധാനമായ ഇ-ഗ്രാന്റ്സ് മുഖേന നേരിട്ട് ബാങ്കുകൾ വഴി എ.റ്റി.എം. കാർഡുകളിലൂടെ പിൻവലിക്കുന്നതിനുള്ള സൗകര്യം 2010 സെപ്റ്റംബർ മുതൽ നടപ്പിലാക്കി വരുന്നു. ഈ വർഷം മുതൽ ഇ-ഗ്രാന്റ്സ് പദ്ധതിയിൽ സമഗ്രമായ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾക്കുള്ള വിവിധ അപേക്ഷ ഫോറങ്ങളും ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അപേക്ഷാഫോറങ്ങളും ഒഴിവാക്കി |

| | | | |
|---|---|---|---|
| | | | അക്ഷയകേന്ദ്രങ്ങളുടെ സഹായത്തോടെ പൂർണ്ണമായും ഓൺലൈൻ പ്രകിയയിൽ അധിഷ്ഠിതമാക്കിയിട്ടുണ്ട്. ഈ വർഷം മുതൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ ആനുകൂല്യ വിതരണം SBI e-Z pay card വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകിച്ചിട്ടുണ്ട്. വിദ്യാഭ്യാസ ആനുകൂല്യങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പാലിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ സ്കൂൾ വർഷാരംഭത്തിൽ തന്നെ പ്രോജക്ട് ഓഫീസർമാർ, ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാർ തുടങ്ങിയ എല്ലാ ജില്ലാതല ഓഫീസർമാർക്കും നൽകി വരുന്നുണ്ട്. |
| (ബി) | പട്ടികസമുദായ വിദ്യാർത്ഥികളുടെ വിവിധ ആനുകൂല്യങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്ത് പ്രീമെട്രിക്-പോസ്റ്റ്മെട്രിക് തലത്തിൽ പഠിക്കുന്ന പട്ടികസമുദായ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് 2001-ന് ശേഷം 2008-ൽ സ്റ്റൈപ്പന്റ്, ലംപ്സം ഗ്രാന്റ്, പോക്കറ്റ് മണി എന്നിവ 50% വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത ആനുകൂല്യങ്ങൾ 3 വർഷത്തിലൊരിക്കൽ വർദ്ധിപ്പിച്ച് നൽകി വരുന്നുണ്ട്. സ്കൂൾ തലം മുതൽ പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെട്ട കോളേജ് തലം വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസാനുകൂല്യങ്ങൾ 1/6/2011 മുതൽ പ്രാബല്യത്തിൽ വരത്തക്കരീതിയിൽ 20% വർദ്ധിപ്പിക്കുവാനുള്ള നടപടികൾ പൂർത്തിയായി വരുന്നു. |

സെക്ഷൻ ഓഫീസർ